# Kerala State Haj Committee

HAJ HOUSE, P.O. CALICUT AIRPORT,
MALAPPURAM Dist., KERALA-673 647.

Phone: 0483-2710717, 2717571
Fax: 0483 -2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com


*Ref:* H2-02/Trainers/2017 *Date :* 26 -11-2016.

## ഹജ്ജ് - 2017

## ട്രെയിനേർസിനുള്ള അപേക്ഷ ക്ഷണിക്കുന്നു

ഹജ്ജ് - 2017 ട്രെയിനർമാരായി പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരിൽ നിന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി അപേക്ഷ ക്ഷണിക്കുന്നു. താഴെ പറയുന്ന ജോലികൾ **യാതൊരു പ്രതിഫലവും കൂടാതെ** നിർവ്വഹിക്കാൻ താത്പര്യമുള്ളവർ **2016** ഡിസംബർ **10** നകം എക്സി ക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി, കലിക്കറ്റ് എയർപോർട്ട്, പി.ഒ. മലപ്പുറം-673647 എന്ന വിലാസത്തിൽ നിശ്ചിത ഫോറത്തിൽ, പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം അയക്കേണ്ടതാണ്. അപേക്ഷ ഫോറത്തിന്റെ മാതൃക www.keralahajcommittee.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത ഫോറത്തിലല്ലാത്ത അപേക്ഷകളും അവ്യക്തവും അപൂർണ്ണവുമായ അപേക്ഷകളും നിശ്ചിത തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല. അപേക്ഷകർക്ക് കമ്പ്യൂട്ടർ- ഇന്റർനെറ്റ്, ഇ-മെയിൽ പരിജ്ഞാനം അഭികാമ്യമാണ്.

### ട്രെയിനേഴ്സിനുള്ള ചുമതലകൾ:-

1) ഹജ്ജ് അപേക്ഷകർക്ക് വേണ്ടുന്ന എല്ലാ മാർഗനിർദ്ദേശങ്ങൾ നൽകുകയും അപേക്ഷയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും കൃത്യമായും സമയബന്ധിതമായും ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ എത്തിക്കാൻ സഹായിക്കുകയും ചെയ്യുക. ഹജ്ജിന് അപേക്ഷ നൽകാനുദ്ദേശിക്കുന്നവർക്കുള്ള ക്ലാസ്സ് അനുയോജ്യമായ സ്ഥലത്ത് സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും സഹായത്തോടെ സംഘടിപ്പിക്കുക.

2) ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും രേഖകൾ സമർപ്പിക്കുന്നതിനും മറ്റും സഹായിക്കുകയും, സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടെയും സഹായത്തോടെ വിവിധ ഘട്ടങ്ങളിലായി പരിശീലന ക്ലാസ്സുകൾ നൽകുകയും മെഡിക്കൽ ക്യാമ്പും കുത്തിവെപ്പ് ക്യാമ്പും സംഘടിപ്പിക്കുകയും ചെയ്യുക.

3) തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഹജ്ജ് യാത്രക്ക് വേണ്ടുന്ന തയ്യാറെടുപ്പ് നടത്താൻ സഹായിക്കുകയും ഹജ്ജ് കമ്മിറ്റിയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ അവരെ അറിയിക്കുകയും ചെയ്യുക.

*(ഒപ്പ്)*
അസിസ്റ്റന്റ് സെക്രട്ടറി
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി